പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം *120 07/06/2018 ൽ മറുപടിക്ക്

# റീ സർവ്വേ സമയബന്ധിതമായി തീർപ്പാക്കുന്നതിന് ക്രമീകരണങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. രാജൻ<br>ശ്രീ.മുല്ലക്കര രത്നാകരൻ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീമതി ഗീതാ ഗോപി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാർ മരവിപ്പിച്ചിരുന്ന റീ സർവ്വേ പ്രവർത്തനങ്ങൾ പുനരാരംഭിച്ചതിനുശേഷമുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് നിജപ്പെടുത്തിയിരുന്ന സർവെ പ്രവർത്തനങ്ങൾ പുനസ്ഥാപിച്ചതിന് ശേഷം കാസറഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽ പൈലറ്റടിസ്ഥാനത്തിൽ ആരംഭിച്ച 10 വില്ലേജുകളുടെ ഡിജിറ്റൽ സർവെ ഉൾപ്പെടെ 19 വില്ലേജുകളുടെ റീസർവെ വർക്കുകൾ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. നിലവിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നുമായി 32 വില്ലേജുകളുടെ ഡിജിറ്റൽ സർവെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| (ബി) റീ സർവ്വെ സമയബന്ധിതമായി തീർപ്പാക്കുന്നതിന് എന്തൊക്കെ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്നറിയിക്കുമോ; | (ബി) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 903 വില്ലേജുകളുടെ റീസർവെ പ്രവർത്തനങ്ങൾ പൂർത്തിയാക്കി റിക്കോർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. ശേഷിക്കുന്ന വില്ലേജുകളുടെ റീസർവെ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് വകുപ്പിന്റെ മാനവശേഷി അപര്യാപ്തമായ സാഹചര്യത്തിൽ കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുള്ള ഏജൻസികൾ മുഖേന നിർവ്വഹിക്കുന്നതിന് അനുവാദം നൽകി ഉത്തരവായിട്ടുണ്ട്. ഇതിന്മേലുള്ള തുടർ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) റീ സർവ്വേയുമായി ബന്ധപ്പെട്ട പരാതികളിൽ കാലതാമസം കൂടാതെ തീർപ്പുകല്പിക്കുന്നതിന് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; | (സി) ഉണ്ട്. റീസർവ്വേയുമായി ബന്ധപ്പെട്ട പരാതികൾ ഉൾപ്പെടെ എൽ.ആർ.എം മുഖേന ലഭിക്കുന്ന എല്ലാ അപേക്ഷകളും സമയബന്ധിതമായി തീർപ്പാക്കുന്നതിനായി സർവെ അതിരടയാള നിയമം 1964 ലെ റൂൾ 24,36,61 എന്നിവയിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. |

| | |
|---|---|
| (ഡി) പ്രസ്തുത പരാതികളിൽ തീർപ്പുകല്പിക്കുന്നതിന് ഭരണതലത്തിലും ഉദ്യോഗസ്ഥതലത്തിലും പുനക്രമീകരണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) റീസർവ്വെ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ള വില്ലേജുകളിൽ ഭൂമി സംബന്ധമായ പരാതികളിന്മേൽ നടപടി സ്വീകരിക്കേണ്ട ചുമതല, സർവ്വെ-ഭൂരേഖകളുടെ പരിപാലനം, സംരക്ഷണം, എൽ.ആർ.എം വിഭാഗത്തിലെ ജീവനക്കാരുടെ ഭരണപരവും ജോലി സംബന്ധവുമായ നിയന്ത്രണം എന്നിവ തഹസിൽദാർ (ഭൂരേഖ)യ്ക്ക് നൽകുകയും, എൽ.ആർ.എം പരാതികളിലെ വിസ്തീർണ്ണ വ്യത്യാസം അതിർത്തി മാറ്റം എന്നിവയിൽ പരിശോധനയ്ക്കും അംഗീകാരത്തിനും ജില്ലാ സർവ്വെ സൂപ്രണ്ടുമാർക്കുണ്ടായിരുന്ന അധികാരം എൽ.ആർ.എം ഹെഡ് സർവ്വെയർക്ക് നൽകിയും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിനാൽ എൽ.ആർ.എം പരാതി പരിഹാര നടപടികളിൽ ഒരു തട്ട് ഒഴിവാകുകയും കാലതാമസത്തിനുള്ള സാഹചര്യം ഒഴിവാക്കുകയും ചെയ്തിട്ടുള്ളതാണ്. നിലവിൽ എൽ.ആർ.എം പരാതി പരിഹാര നടപടികൾ താലൂക്ക് ഓഫീസിൽ തന്നെ പൂർത്തിയാക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ

| Resurvey completed Jan 2017 to April 2018 | | | | | | |
|---|---|---|---|---|---|---|
| Sl No | District | Taluk | Village | Block No | Hand over to Revenue | Area |
| 1 | 1. Thiruvananthapuram | 2. Thiruvananthapuram | Kawadiar | 1 to 103 | 01-02-2018 | 552.00 |
| 2 | 1. Thiruvananthapuram | 3. Nedumangad | Kallara | 4,5,6,7 | 19-02-2018 | 2289.00 |
| 3 | 5. Kottayam | 25. Vaikom | Mulakkulam | 22,23,24 | 01-02-2018 | 2910.25 |
| 4 | 7. Ernakulam | 40. Kanayannur | Edappally north | | 25-04-2018 | 577.00 |
| 5 | 8. Thrissur | 42. Thrissur | Nadathara | 69 | 01-12-2017 | 559.94 |
| 6 | 8. Thrissur | 42. Thrissur | Nettisseri | 65 | 01-12-2017 | 422.18 |
| 7 | 8. Thrissur | 43. Thalappilly | Puthuruthy | 55 | 01-12-2017 | 512.77 |
| 8 | 10. Malappuram | 54. Thirurangadi | Parappanangadi | 24 | 01-02-2017 | 756.00 |
| 9 | 14. Kasaragod | 73. Hosdurg | Udma | 1 | 01-11-2017 | 453.00 |
| 10 | 14. Kasaragod | 73. Hosdurg | Pallikkara 2 | 3 | 01-11-2017 | 669.00 |
| 11 | 14. Kasaragod | 73. Hosdurg | Pallikkara | 4 | 01-11-2017 | 644.00 |
| 12 | 14. Kasaragod | 73. Hosdurg | Keekam | 5 | 01-11-2017 | 448.00 |
| 13 | 14. Kasaragod | 73. Hosdurg | Chittari | 14 | 01-11-2017 | 710.00 |
| | 14. Kasaragod | 73. Hosdurg | Chittari | 15 | 01-11-2017 | 612.00 |
| 14 | 14. Kasaragod | 73. Hosdurg | Ajanoor | 16 | 01-11-2017 | 721.00 |
| | 14. Kasaragod | 73. Hosdurg | Ajanoor | 17 | 01-11-2017 | 740.00 |
| 15 | 14. Kasaragod | 73. Hosdurg | Hosdurg | 19 | 01-11-2017 | 737.00 |
| 16 | 14. Kasaragod | 73. Hosdurg | Cheruvathur | 61 | 01-11-2017 | 900.00 |
| | 14. Kasaragod | 73. Hosdurg | Cheruvathur | 62 | 01-11-2017 | 1307.00 |
| 17 | 14. Kasaragod | 73. Hosdurg | Muniyad | 68 | 01-11-2017 | 713.00 |
| 18 | 14. Kasaragod | 73. Hosdurg | Pilikod | 69 | 01-11-2017 | 876.00 |
| 19 | 14. Kasaragod | 74. Manjeswaram | Mangalpady | 7 | 15-02-2017 | 819.67 |